# ബൈബിൾ - ഖുർആൻ: ഒരു താരതമ്യപഠനം-2

● ഇ.സി സൈമൺ മാസ്റ്റർ

ഖുർആന്റെ കർത്താവ് മുഹമ്മദ് നബി അല്ലെന്നും ദൈവം മാത്രമാണെന്നും ഉള്ളതിന് ഉദ്ധരിക്കപ്പെടാറുള്ള ധാരാളം തെളിവുകളിൽ ചിലതു മാത്രം ഇവിടെ കുറിക്കട്ടെ:

1. ഇതൊരു ദൈവികഗ്രന്ഥമായിരുന്നില്ലെങ്കിൽ നിങ്ങൾക്കിതിൽ ധാരാളം വൈരുധ്യങ്ങൾ കാണാൻ കഴിയുമായിരുന്നു.

ഖുർആൻ ഇങ്ങനെ പറഞ്ഞു: "അവർ ഖുർആനെ സംബന്ധിച്ച് ചിന്തിക്കുന്നില്ലേ? അല്ലാഹു അല്ലാത്ത ആരിൽനിന്നെങ്കിലുമായിരുന്നെങ്കിൽ അവരതിൽ ധാരാളം പൊരുത്തക്കേടുകൾ കണ്ടെത്തുമായിരുന്നു" (4:82).

അതീവ ശ്രദ്ധയോടെ വൈരുധ്യങ്ങൾ കണ്ടെത്തുന്നതിനു ശ്രമിച്ചിട്ടും ആർക്കും ഇതുവരെ അതിനു കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് എടുത്തുപറയേണ്ട ഒരു പരമാർഥം. ഖുർആൻ അവതരിച്ചത് പലപ്പോഴായും ഭാഗികമായും ആയിരുന്നെങ്കിലും അതിന്റെ ഭാഗങ്ങൾ പരസ്പരം യോജിക്കുന്നവയും യാതൊരു തരത്തിലുള്ള പൊരുത്തക്കേടുകൾ ഇല്ലാത്തവയുമാണ്.

2. മനുഷ്യനിർമിതമാണെങ്കിൽ ഇതിലേതുപോലെ ഒരധ്യായമെങ്കിലും ഉണ്ടാക്കാൻ കഴിവുള്ളവർ ഒറ്റക്കോ കൂട്ടായോ ശ്രമിച്ചുനോക്കട്ടെ എന്ന ഖുർആന്റെ വെല്ലുവിളി ഇതുവരെ ആർക്കും സ്വീകരിക്കാൻ കഴിയാതെ പോയതും ശ്രദ്ധേയമാണ്.

അതിനെപ്പറ്റി ഖുർആൻ ഇങ്ങനെ പറഞ്ഞു: "നാം നമ്മുടെ ദാസന് ഇറക്കിക്കൊടുത്ത ഈ വേദം നമ്മുടേതുതന്നെയോ എന്ന് നിങ്ങൾ സംശയിക്കുന്നുവെങ്കിൽ ഇതുപോലുള്ള ഒരധ്യായമെങ്കിലും കൊണ്ടുവരിക. അല്ലാഹുവിനു പുറമെ നിങ്ങൾക്ക് സഹായികളോ സാക്ഷികളോ ഉണ്ടെങ്കിൽ അവരെയും വിളിച്ചുകൊള്ളുക. നിങ്ങൾ സത്യസന്ധരെങ്കിൽ!" (2:23).

3. പരിഷ്കരണത്തിന്റെ ആവശ്യമില്ല.

ദീർഘനാളായി പ്രചാരത്തിലിരിക്കുന്ന ലോകോത്തര ഗ്രന്ഥങ്ങളെല്ലാംതന്നെയും ഭാഷാപരമായ പ്രയോഗങ്ങളുടെയും പദാവലികളുടെ അർഥസംബന്ധമായ മാറ്റങ്ങളുടെയും ഫലമായി കാലാനുസൃതമായ പരിഷ്കരണങ്ങൾ ആവശ്യമാക്കുന്നവയാണ്. വിശ്വപ്രസിദ്ധരായ കവികളുടെയും സാഹിത്യകാരന്മാരുടെയും പുരാതന കൃതികൾ ആധുനിക കാലഘട്ടത്തിലെ ഭാഷാരീതികൾക്കനുസരണമായി പരിഷ്കരണത്തിനു വിധേയമായാണ് ഇന്നും നിലനിൽക്കുന്നതും ജനങ്ങൾ വായിച്ചു മനസ്സിലാക്കുന്നതും. അപ്രകാരം പലപ്രാവശ്യം പരിഷ്കരണത്തിനു വിധേയമായിട്ടുള്ളതാണ് പല ഭാഷകളിലുമുള്ള ഇന്നത്തെ ബൈബിൾ ഗ്രന്ഥങ്ങൾ. വെറും ഒരു നൂറ്റാണ്ട് മുമ്പുള്ള ഒരു ബൈബിൾ വാക്യവും ആധുനിക കാലഘട്ടത്തിലെ പരിഷ്കരിച്ച ബൈബിളിലെ അതേവാക്യവും പരിശോധിച്ചാൽ ശരിക്കും ബോധ്യപ്പെടുന്നതാണ് ആ വ്യത്യാസം.

"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി പാഴായും ശൂന്യമായും ഇരുന്നു. ആഴത്തിൻമീതെ ഇരുൾ ഉണ്ടായിരുന്നു. ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൻ മീതെ പരിവർത്തിച്ചുകൊണ്ടിരുന്നു. വെളിച്ചം ഉണ്ടാകട്ടെ എന്നു ദൈവം കൽപിച്ചു. വെളിച്ചം ഉണ്ടായി. വെളിച്ചം നല്ലതു എന്നു ദൈവം കണ്ടു. ദൈവം വെളിച്ചവും ഇരുളും തമ്മിൽ വേർപിരിച്ചു. ദൈവം വെളിച്ചത്തിനു പകൽ എന്നും ഇരുളിനു രാത്രി എന്നും പേരിട്ടു. സന്ധ്യയായി ഉഷസ്സുമായി, ഒന്നാം ദിവസം" (ഉൽപത്തി 1:1-5).

ദൈവം പ്രപഞ്ചസൃഷ്ടി ആറു ദിവസം കൊണ്ട് പൂർത്തിയാക്കിയെന്നാണ് ബൈബിൾ വിവരണം. അതിൽ ഒന്നാം ദിവസത്തെ സൃഷ്ടികർമത്തെപ്പറ്റിയാണ് ഇവിടെ സൂചന. ആറു ദിവസം കൊണ്ട് അല്ലാഹു പ്രപഞ്ചം സൃഷ്ടിച്ചെന്ന ബൈബിൾ പ്രസ്താവനയോട് ഖുർആനും യോജിക്കുന്നു. അക്കാര്യത്തിൽ അവ തമ്മിൽ ഭിന്നാഭിപ്രായമില്ല. ജീവന്റെ ഉത്ഭവം വെള്ളത്തിൽനിന്നാണെന്ന കാര്യത്തിലും ഇരു ഗ്രന്ഥങ്ങളും യോജിപ്പാണ്.

ആകാശഭൂമികളുടെ സൃഷ്ടിയെപ്പറ്റി ഖുർആൻ പറയുന്നതിങ്ങനെ: "നിങ്ങളുടെ നാഥൻ അല്ലാഹുവാണ്. ആറു നാളുകളിലായി ആകാശഭൂമികളെ സൃഷ്ടിച്ചവനാണവൻ. പിന്നെ അവൻ തന്റെ സിംഹാസനത്തിലുപവിഷ്ടനായി. രാവിനെക്കൊണ്ട് അവൻ പകലിനെ പൊതിയുന്നു. പകലാണെങ്കിൽ രാവിനെത്തേടി കുതിക്കുന്നു. സൂര്യ-ചന്ദ്ര-നക്ഷത്രങ്ങളെയെല്ലാം തന്റെ കൽപനക്ക് വിധേയമാം വിധം അവൻ സൃഷ്ടിച്ചു. അറിയുക: സൃഷ്ടിക്കാനും കൽപിക്കാനും അവനു മാത്രമാണ് അധികാരം. സർവലോക സംരക്ഷകനായ അല്ലാഹു ഏറെ മഹത്വമുള്ളവനാണ്" (7:54).

ഏഴാം ദിവസത്തെപ്പറ്റിയുള്ള ബൈബിൾ വിവരണത്തോട് ഖുർആൻ യോജിക്കുന്നില്ല; ബൈബിൾ: "അങ്ങനെ ആകാശവും ഭൂമിയും അവയിലുള്ള സമസ്തവും പൂർണമായി. ദൈവം തന്റെ ജോലി ഏഴാം ദിവസം പൂർത്തിയാക്കി. താൻ തുടങ്ങിയ പ്രവൃത്തിയിൽനിന്ന് വിരമിച്ച്, ഏഴാം ദിവസം അവിടുന്ന് വിശ്രമിച്ചു. സൃഷ്ടികർമം പൂർത്തിയാക്കി, തന്റെ പ്രവൃത്തികളിൽനിന്ന് വിരമിച്ച് വിശ്രമിച്ച ഏഴാം ദിവസത്തെ ദൈവം അനുഗ്രഹിച്ചു വിശുദ്ധമാക്കി. ഇതാണ് ആകാശത്തിന്റെയും ഭൂമിയുടെയും ഉൽപത്തി ചരിത്രം" (ഉൽപത്തി 2:1-4).

ഏഴാം ദിവസം അല്ലാഹു വിശ്രമിച്ചു എന്നല്ല സിംഹാസനത്തിൽ ഉപവിഷ്ടനായി എന്താണ് ഖുർആൻ വിവരണം. വിശ്രമിച്ചു എന്നു പറയുമ്പോൾ ക്ഷീണി

തനായി എന്നും ക്ഷീണം തീർക്കേണ്ടിവന്നു എന്നുമാണ് ആശയം. ദൈവത്തിന്റെ മഹത്വത്തിന് നിരക്കാത്തതാണ് ആ സൂചന. മയക്കമോ ഉറക്കമോ ഏശാത്തവനാണ് അല്ലാഹു. അല്ലാഹുവിന്റെ അധികാര പീഠത്തെ സൂചിപ്പിച്ചുകൊണ്ടാണ് സിംഹാസനസ്ഥനായി എന്ന പ്രയോഗം. പ്രപഞ്ചസൃഷ്ടി അല്ലാഹുവിനെ സംബന്ധിച്ച് പ്രയാസമുള്ള കാര്യമായിരുന്നില്ലെന്നും അതവനെ ഒട്ടും ക്ഷീണിപ്പിച്ചില്ലെന്നും ഖുർആൻ വേറെ സ്ഥലത്തും പറയുന്നുണ്ട്.

ഒരിക്കലെങ്കിലും പരിഷ്കരിക്കപ്പെട്ടിട്ടില്ലെന്നുള്ളതും അങ്ങനെ ഒരാവശ്യം ഇതുവരെ ഉണ്ടായിട്ടില്ലെന്നുള്ളതും ഖുർആനെ സംബന്ധിച്ച് അതിശയോക്തി കലരാത്ത ഒരത്ഭുതമായി വേണം എടുത്തുപറയാൻ, 14 നൂറ്റാണ്ടോളം പഴക്കമായിട്ടും ഇന്നും അതിന്റെ അറബിഭാഷ കാലത്തിനു നിരക്കാത്തവിധം പഴഞ്ചനാണെന്ന് ആരും ആക്ഷേപിക്കുന്നുമില്ല. എന്നുതന്നെയല്ല ഏറ്റവും സുന്ദരമായ അറബിഭാഷ എന്ന പ്രശംസ പിടിച്ചു പറ്റത്തക്ക നിലയിൽ ആധുനികമാണ് അതിലെ ഭാഷാ പ്രയോഗമെന്ന് സാമാന്യജനങ്ങളും പണ്ഡിതരും ഒരുപോലെ അഭിപ്രായപ്പെടുകയും ചെയ്യുന്നുണ്ട് ഈ കാലഘട്ടത്തിലും.

കാലത്തെ അതിജീവിച്ച് മാറ്റത്തിനു വിധേയമാകാതെ എന്നും ഇങ്ങനെ തല ഉയർത്തിനിൽക്കാൻ എങ്ങനെ കഴിയുന്നു എന്ന ചോദ്യത്തിന് ഖുർആനിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട് മറ്റു ഗ്രന്ഥങ്ങൾക്കൊന്നും നൽകാൻ കഴിയാത്ത ഉത്തരം; അല്ലാഹുവിന്റെ സ്വന്തം:

"നാമാണ് ഈ ഖുർആൻ ഇറക്കിയത്. നാംതന്നെ അതിനെ കാത്തുരക്ഷിക്കുകയും ചെയ്യും" (15:9).

"ഇതിൽ അസത്യം വന്നുചേരുകയില്ല. മുന്നിലൂടെയുമില്ല; പിന്നിലൂടെയുമില്ല. യുക്തിമാനും സ്തുത്യർഹനുമായ അല്ലാഹുവിൽനിന്ന് ഇറക്കിയതാണിത്" (41:42).

ഖുർആനെപ്പോലെ ഗ്രന്ഥകർത്താവില്ലാത്ത ഗ്രന്ഥമല്ല ബൈബിൾ. ബൈബിളിലെ പുസ്തകങ്ങളുടെ കർത്താക്കൾ ആരെല്ലാമെന്ന് വ്യക്തമായി അതിൽതന്നെ പേരെടുത്തു പറഞ്ഞിരിക്കുന്നതിനാൽ അവ മാനുഷികമോ ദൈവികമോ എന്ന കാര്യത്തിൽ സംശയിക്കാനില്ല; മാനുഷികംതന്നെ. മത്തായി എഴുതിയ സുവിശേഷം, മാർക്കോസ് എഴുതിയ സുവിശേഷം, ലൂക്കാ എഴുതിയ സുവിശേഷം എന്നിങ്ങനെ പോകുന്നു അതിലെ ഗ്രന്ഥക്രമങ്ങൾ. ബൈബിളിലെ പല ഗ്രന്ഥങ്ങളുടെയും കർത്താക്കളുടെ പേരുകൾ അവയിൽ കാണാത്തത് രചയിതാക്കളുടെ നാമം കൃത്യമായി അറിയാത്തതുകൊണ്ട് മാത്രമാണ്.

ബൈബിൾ പഴയ നിയമത്തിലെ ആദ്യത്തെ അഞ്ചു ഗ്രന്ഥങ്ങൾ മൂസാ നബി(മോസസ്) രചിച്ചതാണെന്ന് പൊതുവെ വിശ്വസിക്കപ്പെടുന്നുണ്ടെങ്കിലും അതിലെ അവസാന ഗ്രന്ഥമായ 'നിയമാവർത്തന പുസ്തക'ത്തിൽ അദ്ദേഹത്തിന്റെ മരണത്തെപ്പറ്റിയും പ്രതിപാദിക്കുന്നതിനാൽ അവയുടെ കർത്താവ് അദ്ദേഹമല്ല മറ്റാരോ ആണ്, അല്ലെങ്കിൽ ആ ഭാഗം മറ്റാരോ എഴുതി ചേർത്തതാണ് എന്നു വേണം അനുമാനിക്കാൻ.

മോശയുടെ മരണത്തെപ്പറ്റി ബൈബിൾ പറയുന്നു: "കർത്താവിന്റെ ദാസനായ മോശ ദൈവം അരുളിച്ചെയ്തതുപോലെ മൊവാബുദേശത്തുവെച്ചു മരിച്ചു. മൊവാബുദേശത്ത് ബത്പെയോറിന് എതിരെയുള്ള താഴ്വരയിൽ അവൻ സംസ്കരിക്കപ്പെട്ടു. എന്നാൽ ഇന്നുവരെ അവന്റെ ശവകുടീരത്തിന്റെ സ്ഥാനം ആർക്കും അറിവില്ല. മരിക്കുമ്പോൾ മോശക്ക് നൂറ്റിയിരുപത് വയസ്സുണ്ടായിരുന്നു. അവന്റെ കണ്ണു മങ്ങുകയോ ശക്തി ക്ഷയിക്കുകയോ ചെയ്തിരുന്നില്ല. ഇസ്രായേൽ മുപ്പതു ദിവസം മൊവാബു താഴ്വരയിൽ മോശയെ ഓർത്തു വിലപിച്ചു" (34:1-8).

ബൈബിളിൽ വിവരിക്കുന്ന എല്ലാ പ്രധാന പ്രവാചകന്മാരെയും ഖുർആൻ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നുണ്ട് എന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ട വസ്തുതയാണ്.

പറയുക: "ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾക്ക് ഇറക്കിത്തന്നത്; ഇബ്റാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്, യഅ്ഖൂബ് സന്തതികൾ എന്നിവർക്ക് ഇറക്കിക്കൊടുത്തത്; മൂസാക്കും ഈസാക്കും മറ്റു പ്രവാചകന്മാർക്കും തങ്ങളുടെ നാഥനിൽനിന്ന് വന്നെത്തിയത്- എല്ലാറ്റിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിലാരോടും ഞങ്ങളൊരു വിവേചനവും കാണിക്കുന്നില്ല. ഞങ്ങൾ അല്ലാഹുവിന് വഴിപ്പെട്ട മുസ്ലിംകളാണ്" (3:84).

ഏതൊരു പ്രവാചകന്റെ നാമം ഉച്ചരിക്കുമ്പോഴും 'അലൈഹിസ്സലാം' (അദ്ദേഹത്തിന്റെ മേൽ ദൈവത്തിന്റെ കാരുണ്യവും അനുഗ്രഹവും ഉണ്ടാവട്ടെ) എന്നു പ്രാർഥിക്കാൻ ബാധ്യസ്ഥനാണ് മുസ്ലിം. യേശുവിനെ സംബന്ധിച്ചായാലും ഒരു മുസ്ലിം ഇങ്ങനെത്തന്നെ പറയേണ്ടതുണ്ട്. എന്നാൽ അദ്ദേഹത്തിനു വേണ്ടി പ്രാർഥിക്കുന്ന ഒരൊറ്റ ക്രിസ്ത്യാനിയും ഭൂമുഖത്തില്ലല്ലോ.

ബൈബിൾ എഴുതിയ കാലത്ത് രംഗപ്രവേശം ചെയ്തിട്ടില്ലാതിരുന്നതും ഭാവിയിൽ ജനിക്കാനിരിക്കുന്നതുമായ ഒരു പ്രവാചകനെപ്പറ്റി പ്രത്യേകമായി പേര് എടുത്തു പറഞ്ഞിട്ടില്ലെങ്കിലും ആളെ തിരിച്ചറിയാൻ സഹായിക്കുംവിധം മൂസാ (മോസസ്) നബിയും യേശുവും അവരുടെ ശിഷ്യന്മാർക്ക് നൽകിയ വ്യക്തമായ സൂചനകൾ അടങ്ങിയ വിവരണങ്ങൾ സഭകൾ അംഗീകരിക്കുന്നില്ലെങ്കിലും അവരുടെ ബൈബിളിൽ രേഖപ്പെട്ടുകിടക്കുന്നുണ്ട്.

ദൈവമായ കർത്താവ് മോസസിനോടു പറഞ്ഞു: "അവരുടെ സഹോദരന്മാരുടെ ഇടയിൽനിന്ന് നിന്നെപ്പോലുള്ള ഒരു പ്രവാചകനെ ഞാനവർക്കു വേണ്ടി അയക്കും. എന്റെ വാക്കുകൾ ഞാൻ അവന്റെ നാവിൽ നിക്ഷേപിക്കും. ഞാൻ കൽപിക്കുന്നതെല്ലാം അവൻ അവരോടു പറയും. എന്റെ നാമത്തിൽ അവൻ പറയുന്ന എന്റെ വാക്കുകൾ ശ്രവിക്കാത്തവരോടു ഞാൻ തന്നെ പ്രതികാരം ചെയ്യും" (നിയമാവർത്തനം 18: 18,19).

ആ പ്രവാചകനാണ് മുഹമ്മദ് നബി എന്നു തെളിയിക്കുന്നതാണ് അദ്ദേഹത്തിന്റെ ജീവിതവും അദ്ദേഹത്തിന് അവതരിച്ചുകിട്ടിയ ദൈവികസന്ദേശമായ പരിശുദ്ധ ഖുർആനും. മൂസാനബിയെപ്പോലെ ഒരു പ്രവാചകനെ അദ്ദേഹത്തിന്റെ സ്വന്തക്കാർക്കിടയിൽനിന്ന് അല്ലാഹു അയക്കുമെന്നാണ് ഈ പ്രവചനം. അവരുടെ സഹോദരന്മാരുടെ ഇടയിൽനിന്ന് എന്ന് ദൈവം പറഞ്ഞത് ഇസ്രയേൽക്കാരുടെ സഹോദരന്മാരായ അറബികളുടെ ഇടയിൽ അവതരിക്കുന്ന പ്രവാചകർ എന്ന അർഥത്തിലായിരുന്നു. ഇസ്രയേൽക്കാരുടെയും അറബികളുടെയും വംശാവലി പരിശോധിച്ചാൽ ഒരേ പൈതൃകവും പാരമ്പര്യവുമുള്ളവരാണ് അവരെന്നു കാണാം. പൂർവ പിതാവായ അബ്രഹാമിന്റെ (ഇബ്റാഹീം നബി) രണ്ടു സന്താനങ്ങളായിരുന്നു ഇസ്മാഈൽ നബിയും ഇസ്ഹാഖ് നബിയും. ഈ സഹോദരന്മാരിൽ ഇസ്മാഈലിന്റെ സന്താനപരമ്പരകളെ അറബികൾ എന്നും ഇസ്ഹാഖിന്റെ പുത്രനായ യഅ്ഖൂബ് നബിയുടെ 12 പുത്രന്മാരിൽ നിന്നുണ്ടായ വംശത്തെ ഇസ്രയേൽക്കാർ എന്നും പറയുന്നു. യഅ്ഖൂബ് നബിക്ക് ഇസ്രായേൽ എന്ന മറ്റൊരു പേരും ഉണ്ടായിരുന്നു.

ഒരേ പൂർവപിതാവിൽനിന്നുണ്ടായവരായതിനാൽ അവരെ സഹോദരന്മാരെന്നു വിവക്ഷിക്കുന്നത് തികച്ചും ശരിതന്നെ. മൂസാനബിയും ഈസാ നബിയും ഉൾപ്പെടെ ധാരാളം പ്രവാചകന്മാർ ഇസ്രായേൽ വംശത്തിൽനിന്നുണ്ടായപ്പോൾ അന്ത്യപ്രവാചകനായ മുഹമ്മദ് നബി അറബികളിൽ നിന്നാവാനായിരുന്നു അല്ലാഹുവിന്റെ നിശ്ചയം. അതിൽ തൃപ്തരായ അറബികൾ-മുസ്ലിംകൾ യാതൊരുതരത്തിലുള്ള വിവേചനവും കൽപിക്കാതെ എല്ലാ പ്രവാചകന്മാരെയും അംഗീകരിക്കുമ്പോൾ ഇസ്രായേൽ പാരമ്പര്യം അവകാശപ്പെടുന്ന യഹൂദരും

ക്രൈസ്തവരും ഇസ്‌ലാമിനെയും അന്ത്യ പ്രവാചകനെയും നിഷേധിക്കുകയാണ്.

ദൈവ നിശ്ചയപ്രകാരം തനിക്കു ശേഷം ജനിക്കാനിരിക്കുന്ന പ്രവാചകനെക്കുറിച്ച് യേശു നൽകിയ വിവരണങ്ങൾ യോഹന്നാൻ അദ്ദേഹത്തിന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയതിൽ ചില സൂചനകൾ ഇപ്രകാരം വായിക്കാം: “ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടുകൂടെ ആയിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്ന് നിങ്ങൾക്കു തരുകയും ചെയ്യും. പിതാവ് അയക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും. ഇനിയും വളരെ കാര്യങ്ങൾ എനിക്കു നിങ്ങളോടു പറയാനുണ്ട്. എന്നാൽ അവ ഉൾക്കൊള്ളാൻ ഇപ്പോൾ നിങ്ങൾക്കു കഴിവില്ല. സത്യാത്മാവു വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണതയിലേക്കു നയിക്കുന്നു. അവൻ സ്വമേധയാ ആയിരിക്കുകയില്ല സംസാരിക്കുന്നത്; അവൻ കേൾക്കുന്നതു മാത്രം സംസാരിക്കും. വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളെ അറിയിക്കും. അവൻ എന്നെ മഹത്വപ്പെടുത്തും. ആ സത്യാത്മാവ് എന്നെക്കുറിച്ച് സാക്ഷ്യം നൽകും. ഇപ്പോൾ ഞാൻ എന്നെ അയച്ചവന്റെ അടുക്കലേക്കു പോവുകയാണ്. നിങ്ങളുടെ നന്മക്കുവേണ്ടിയാണ് ഞാൻ പോകുന്നത്. ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെ അടുത്തേക്കു വരികയില്ല. അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായ വിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തും. അവർ എന്നിൽ വിശ്വസിക്കാത്തതിനാൽ പാപത്തെക്കുറിച്ചും നിങ്ങൾ ഇനിമേലിൽ എന്നെ കാണുകയില്ലാത്തതുകൊണ്ട് നീതിയെക്കുറിച്ചും ബോധ്യപ്പെടുത്തും” (യോഹന്നാൻ 14,15,16 അധ്യായങ്ങളിൽനിന്ന്).

യോഹന്നാൻ പ്രവാചകൻ പ്രവചിച്ചതായി ബൈബിൾ പറയുന്നു:

“ദൈവത്തിന്റെ വഴിയൊരുക്കുവിൻ. അവന്റെ പാതകൾ നേരെയാക്കുവിൻ എന്ന് മരുഭൂമിയിൽ വിളിച്ചുപറയുന്ന ശബ്ദമാണ് ഞാൻ. മാനസാന്തരത്തിനായി ഞാൻ ജലംകൊണ്ട് സ്നാനപ്പെടുത്തുന്നു. എന്നാൽ എന്റെ പിന്നാലെ ഒരുവൻ വരുന്നുണ്ട്. അവൻ എന്നെക്കാൾ ശക്തൻ. അവന്റെ ചെരിപ്പിന്റെ വള്ളികൾ അഴിക്കാൻ പോലും ഞാൻ യോഗ്യനല്ല. അവൻ നിങ്ങളെ പരിശുദ്ധാത്മാവിനാൽ സ്നാനപ്പെടുത്തും” (മാർക്കോസ് 1:7,8; യോഹന്നാൻ 1: 19–28).

എനിക്കുശേഷം വരുന്ന പ്രവാചകൻ എന്ന് യഹ്‌യ പറഞ്ഞതിൽനിന്ന് ഒരുകാര്യം മനസ്സിലാക്കാം. അതായത് അദ്ദേഹം യഹ്‌യാക്കും യേശുവിനും ശേഷമുള്ള പ്രവാചകനായിരിക്കും. കാരണം യഹ്‌യാക്കു ശേഷം വന്ന പ്രവാചകനായിരുന്നില്ല യേശു. ഒരേ കാലത്തു ജീവിച്ചിരുന്നവരായിരുന്നു അവർ രണ്ടുപേരും. യേശുവിനെക്കാൾ ഒന്നോ രണ്ടോ കൊല്ലങ്ങൾക്കുമുമ്പ് യഹ്‌യ മരണമടഞ്ഞു എന്നേ ഉള്ളൂ.

എങ്കിലും മൂസാനബിയുടെ കാലം മുതൽ ഇസ്രായേൽക്കാർ പ്രതീക്ഷിച്ചുകൊണ്ടിരുന്ന ആ മഹാപ്രവാചകൻ യേശുവായിരുന്നു എന്നാണ് ക്രൈസ്തവ വിശ്വാസം; മൂസാ നബി വിവരിച്ച ലക്ഷണങ്ങൾ അധികവും യേശുവിനു യോജിക്കാത്തവയും മുഹമ്മദ് നബിക്കു യോജിക്കുന്നവയും ആണെന്ന് വ്യക്തമായിരുന്നിട്ടു പോലും.

എ.ഡി 570–ൽ ജനിച്ച മുഹമ്മദ് നബിയല്ലാതെ മറ്റൊരു പ്രവാചകനും യേശുവിനു ശേഷം ഈ ഭൂമിയിൽ ആഗതനായിട്ടില്ല. മൂസാ നബിയുടെ കാലം മുതൽ മുഹമ്മദ് നബിയുടെ കാലം വരെ 18 നൂറ്റാണ്ടോളം ഏതൊരു പ്രവാചകശ്രേഷ്ഠന്റെ തിരു അവതാരത്തിനായി ജനം കാത്തിരുന്നുവോ ആ മഹാന്റെ ആഗമനം പക്ഷേ അവരിൽ ഒരു വലിയ വിഭാഗം തിരിച്ചറിഞ്ഞില്ലെന്നത് മനുഷ്യവർഗത്തിന്റെ ഒരു ദുരന്തമായേ കാണാനാവൂ.

(തുടരും)